PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session (Second Meeting) 1970

Thursday, the 12th March 1970.

Vol. XXVI] **Official Report** **[No. 23**

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Thursday, the 12th March, 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session).

ORAL ANSWERS

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം നമ്പർ 608 ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞങ്ങളം അയച്ചിരുന്ന, 590–ാമതു അൺസ്റ്റാർഡായി അടിച്ചുവന്നിട്ടുള്ള ചോദ്യം സ്റ്റാർഡ് ചോദ്യമായി കൊടുത്തിരുന്നതാണ്. കേരള സ്റ്റേറ്റ് എൻജിനീയറിംഗ് ടെക്നിഷ്യൻസ് വർക്കുഷോപ്പ് ആൻഡ് ഇൻഡസ്ട്രിയൽ സൊസൈറ്റി എന്ന പേരിൽ ഒരു സ്ഥാപനം രജിസ്റ്റർചെയ്തിട്ടുണ്ടോ എന്നു തുടങ്ങി പ്രസ്തുതസൊസൈറ്റിയുടെ പ്രവർത്തനലക്ഷ്യവും നാളിതുവരെയുള്ള പുരോഗതിയുമെന്തെന്നു വ്യക്തമാക്കുമോ എന്നാണ് ചോദ്യം അവസാനിക്കുന്നത്. ഇതിൽ അവസാനത്തേതിന് എല്ലാം സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയാണെന്നു മറുപടി പറയുമെന്നെനിക്കറിയാം. എങ്കിലും അതിന്റെ പ്രവർത്തനലക്ഷ്യവും പുരോഗതിയുമെന്തെന്നാണു ചോദിച്ചിരിക്കുന്നത്. അതുപോലെതന്നെ 611–മതു സ്റ്റാർഡ് ചോദ്യമായി അടിച്ചു വന്നിട്ടുള്ളത് അൺസ്റ്റാർഡായിട്ടും ചോദിച്ചിട്ടുണ്ട്. ഞങ്ങൾ സ്റ്റാർഡ് ചോദ്യമായി അയച്ച ചോദ്യം അൺസ്റ്റാർഡായിട്ടു വന്നതിൽ ഞങ്ങൾക്കു ഖേദമുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ: ഇതൊക്കെ സ്പീക്കറോടു നേരിട്ടു പറഞ്ഞാൽപ്പോരേ?

മി. സ്പീക്കർ: ഇതൊക്കെ ചോദ്യോത്തരസമയം കഴിഞ്ഞിട്ടു ചോദിച്ചാൽ മതിയായിരുന്നു. 'കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ടെക്നിഷ്യൻസ്

LIBRARY ARCHIVES Kerala Legislative Assembly

വർക്കുഷോപ്പ് ആൻഡ് ഇൻഡസ്ട്രിയൽ സൊസൈറ്റി' എന്നു പറയുന്നത് ഒരു പ്രത്യേക സ്ഥാപനമാണ്. അതുകൊണ്ടാണ് അതു ആ നിലയിൽ പരിഗണിച്ചത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെയാണെങ്കിൽ മറുപടി പറയുമ്പോഴും പ്രൈവറ്റ് സ്ഥാനപമാണെന്നു പറഞ്ഞാൽ മതിയായിരുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തരസമയം കഴിഞ്ഞിട്ട് വേണമെങ്കിൽ നമുക്ക് ഇതിനെക്കുറിച്ച് സംസാരിക്കാം. ചോദ്യം നമ്പർ 608.

യൂണിറ്റ് ട്രസ്റ്റ് മാതൃക

* 164 (608) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തുള്ള മൂലധനം സമാഹരിച്ച് വ്യാവസായിക മേഖലയിലേക്ക് തിരിച്ചു വിടുന്നതിന് യൂണിറ്റ് ട്രസ്റ്റുമാതൃകയിൽ ഒരു ഏജൻസി സംഘടിപ്പിക്കുന്നതിന് ഗവൺമെൻറ് ആലോചിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ): (എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്താറായിട്ടില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഭൂപരിഷ്ക്കരണനിയമം നടപ്പാക്കുമ്പോൾ അതിന് 200 കോടി ഉറുപ്പിക ഈ ഏജൻസിയിൽനിന്നു മൂലധനമായി കിട്ടുമെന്ന് മന്ത്രിയുടെ പ്രസ്താവന കണ്ടു. ജൻമിമാർക്കും പരിധിയിൽ കവിഞ്ഞു ഭൂമിയുള്ള ഭൂവുടമസ്ഥൻമാർക്കും നഷ്ടപരിഹാരത്തുകയായി നൽകേണ്ടിവന്നേക്കാവുന്ന സംഖ്യ എത്രയാണെന്നുള്ളതിനു വല്ല കണക്കും ഗവൺമെൻറിന്റെ കൈയിലുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ക്ലിപ്തമായി ഇത്ര സംഖ്യ കിട്ടുമെന്നു ഞാൻ പറഞ്ഞിട്ടില്ല. ഭൂപരിഷ്ക്കരണനിയമം നടപ്പിലാകുന്നതോടുകൂടി ഈ ഇനത്തിൽ കിട്ടാവുന്ന തുക സമാഹരിച്ച് അതു വ്യവസായമേഖലയിലേക്കു ഉപയോഗിക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. അത്നുള്ള ആലോചനകൾ സാമ്പത്തികവിദഗ്ദ്ധൻമാരുമായും നിയമപണ്ഡിതൻമാരുമായും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ മൂലധന ഏജൻസിക്ക് വൻ വ്യവസായങ്ങൾ നേരിട്ടുസ്ഥാപിച്ചു നടത്താൻ എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതിനെസംബന്ധിച്ചെല്ലാം കാര്യമായ ആലോചനകൾ നടന്നുവരികയാണ്.

ശ്രീ. കെ. എം. മാണി: ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏതെങ്കിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര? എന്തു നടപടി സ്വീകരിച്ചു ?

ശ്രീ. പി. രവീന്ദ്രൻ: ചില വ്യവസായങ്ങൾ നടത്താൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly